**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 847** **30-06-2022 - ൽ മറുപടിയ്ക്ക്**

**മങ്കട മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പട്ടിയിൽപറമ്പ് എസ്.സി. കോളനി, കല്ലറാംകുന്ന് എസ്.സി. കോളനി എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാനുദ്ദേശിക്കുന്ന സമയപരിധി അറിയിക്കുമോ; | (എ) | പ്രസ്തുത കോളനികളിൽ 06/06/2022ന് ചേർന്ന മോണിറ്ററിങ് സമിതി യോഗത്തിൽ വീട് റിപ്പയർ, കുടിവെള്ള പദ്ധതി വിപുലപ്പെടുത്തൽ, മാലിന്യ നിർമ്മാർജ്ജനം, ശ്മശാന നവീകരണം, പകൽ വീട് നവീകരണം, സോളാർ ലൈറ്റ് സ്ഥാപിക്കൽ, റോഡ് നവീകരണം, പാത്ത് വേ നിർമ്മാണം, റോഡ് സൈഡ് കെട്ടൽ, കിണർ സംരക്ഷണം എന്നീ പ്രവൃത്തികൾ നടത്തേണ്ടതാണെന്ന് തീരുമാനിച്ചിട്ടുണ്ട്.<br><br>പദ്ധതി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസിയിൽ നിന്നും അടിയന്തിരമായി ലഭ്യമാക്കി പ്രവൃത്തികൾ കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു |
| (ബി) | മങ്കട മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും നടന്നുവരുന്നതുമായ മറ്റ് കോളനികളുടെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; ഓരോ പ്രവൃത്തിയും എത്ര ശതമാനം പൂർത്തിയായിട്ടുണ്ട്; ഓരോ കോളനിയിലും അവശേഷിക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | പ്രസ്തുത മണ്ഡലത്തിലെ കുറുവ പഞ്ചായത്തിൽപ്പെട്ട കളത്തിൽചാള പട്ടികജാതി കോളനി, ചൊവ്വാണ പട്ടികജാതി കോളനി, അമ്പലപ്പറമ്പ് പട്ടികജാതി കോളനി എന്നീ മൂന്ന് കോളനികളാണ് നിലവിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്.<br><br>ഇവയിൽ കളത്തിൽ ചാള കോളനിയുടേയും ചൊവ്വാണ പട്ടിക ജാതി കോളനിയുടേയും പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട് .<br><br>അമ്പലപ്പറമ്പ് പട്ടികജാതി കോളനിയുടെ പ്രവൃത്തികൾ 50 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| (സി) | പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പ്രവൃത്തികളും സമയപരിധി നിശ്ചയിച്ച് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ